

# എനിക്ക് ക്രിസ്തുവിനെയും അവിടത്തെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അറിയണം
### (ഫിലി. 3:10)

## വിചിന്തനം ഏപ്രിൽ 2021

മനുഷ്യൻ നിരന്തരമായ അന്വേഷണത്തിലാണ്. തൊട്ടനുഭവിക്കാനാവാത്ത എന്തിനോവേണ്ടിയുള്ള തീവ്രമായ ദാഹം അവൻ ഉള്ളിൽ പേറുന്നു. ധൂർത്തപുത്രനെപ്പോലെ തങ്ങളുടെ ജഡികാഭിലാഷങ്ങൾ തൃപ്തിപ്പെടുത്തിക്കൊണ്ട് അനേകർ 'സ്വാതന്ത്ര്യ'ത്തിന്റെ ജീവിതത്തിലാണ് സന്തോഷം തേടുന്നത്. മറ്റുപലരും ബൗദ്ധികമോ, മാനസികമോ ആയ ഉദ്യമങ്ങളിലൂടെ തങ്ങളുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കാൻ ശ്രമിക്കുന്നു. ഈ ഉദ്യമങ്ങൾ, ചിലപ്പോൾ ആത്മീയ പരിവേഷം അണിയുമ്പോൾ പോലും, ഒരുവന്റെ ഹൃദയത്തെ യഥാർഥത്തിൽ തൃപ്തിപ്പെടുത്തുന്നില്ല, പ്രത്യുത, തുടരന്വേഷണങ്ങളിലേക്കും ഉദ്യമങ്ങളിലേക്കും നയിക്കുന്നു.

ഓരോ വ്യക്തിയിലുമുള്ള അനന്യമായ ഈ അന്വേഷണത്തിന് ആത്യന്തിക ഉത്തരമേകാൻ ദൈവത്തിനു മാത്രമേ സാധിക്കൂ. തന്റെ എല്ലാ സംഘർഷങ്ങളുടെയും തെരച്ചിലുകളുടെയും ഒടുവിൽ വിശുദ്ധ അഗസ്തീനോസ് എഴുതി: "ദൈവമേ, നീയെന്നെ നിനക്കായി സൃഷ്ടിച്ചു; നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ഹൃദയം അസ്വസ്ഥമായിരിക്കും" [*അഗസ്റ്റിന്റെ ആത്മകഥ*]. ജീവിതത്തിന്റെ അർഥം തേടിയുള്ള യാത്രക്കിടയിൽ യേശുവെന്ന അമൂല്യനിധി ഒരുവൻ കണ്ടെത്തുന്ന നിമിഷം എത്ര അനുഗ്രഹീതം! അത്യാഹ്ലാദപൂർവം ഈ നിധി സ്വന്തമാക്കാൻ അവൻ പോയി തനിക്കുള്ള സകലതും വിൽക്കുന്നു. ഈ നിധി ഹൃദയത്തിൽ ആദരവോടെ താലോലിച്ചുകൊണ്ട് അഗസ്റ്റിൻ ഘോഷിക്കുന്നു: "ചിരപുരാതനവും നിത്യനൂതനവുമായ സൗന്ദര്യമേ, വൈകിയാണ് ഞാൻ നിന്നെ സ്നേഹിച്ചത്. നീ എന്റെ ഉള്ളിൽ ഉണ്ടായിരുന്നു. എന്നാൽ ഞാൻ പുറത്തായിരുന്നു. അവിടെയാണ് ഞാൻ നിന്നെ തേടിയത്. എന്റെ സ്നേഹരാഹിത്യത്തിൽ നിന്നെ വിട്ടുപേക്ഷിച്ച് സുന്ദരവസ്തുക്കളിൽ ഞാൻ നിമഗ്നനായി. നീ എന്നോടൊപ്പം ഉണ്ടായിരുന്നു. എന്നാൽ ഞാൻ നിന്നോടൊപ്പം ഇല്ലായിരുന്നു. സൃഷ്ടവസ്തുക്കൾ എന്നെ നിന്നിൽനിന്ന് അകറ്റിനിർത്തി. എങ്കിലും നിന്നിൽ അല്ലായിരുന്നെങ്കിൽ അവ ഉണ്ടാകുമായിരുന്നില്ല.... നിന്റെ പരിമളം നീ എന്നിൽ നിശ്വസിച്ചു; ഞാൻ അതു ശ്വസിച്ചു. നിനക്കായി വാഞ്ചിക്കുന്നു. ഞാൻ നിന്നെ രുചിച്ചറിഞ്ഞിരിക്കുന്നു. ഇപ്പോൾ നിനക്കായ് കൂടുതൽ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. നീ എന്നെ സ്പർശിച്ചു; ഞാൻ നിന്റെ ശാന്തി തേടി എരിയുന്നു."

ഇത്തരമൊരു കണ്ടുമുട്ടൽ ഒരുവനെ സ്വസ്ഥനാക്കുന്നു. നാളിതുവരെ അവനെ പല ദിശകളിലേക്ക് വലിച്ചിരുന്ന ഒട്ടനവധി അഭിലാഷങ്ങൾ ഒരൊറ്റ ആഗ്രഹത്തിൽ വിലയം പ്രാപിക്കുന്നു - അനേകം പോഷകനദികൾ ലയിച്ചു ചേർന്ന് സമുദ്രത്തിൽ വിലയം പ്രാപിക്കാൻ ശക്തിയോടെ ഒഴുകുന്ന നദി പോലെ. ഈ തേജസുറ്റ ക്രിസ്തുവിനെ കൂടുതലറിയുക എന്നത് അവനെ നിരന്തരം എരിയിക്കുന്ന അഭിനിവേശമായി മാറുന്നു. ഓരോ വെല്ലുവിളിയും അവസരവും പരാജയവും നിരാശയും ക്രിസ്തുവിനെ അനുഭവിക്കുന്നതിനുള്ള സാധ്യതയായി മാറുന്നു. ജ്ഞാനസ്നാനം വഴി ക്രിസ്തുവിനോടുകൂടി സംസ്ക്കരിക്കപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും

ചെയ്തിരിക്കുന്നതിനാൽ തന്റെ ജീവിതത്തിലെ എല്ലാ സംഭവങ്ങളിലും അവിടത്തെ ഉത്ഥാനത്തിന്റെ ശക്തി അനുഭവിക്കാനാവുമെന്ന് അവനറിവുണ്ട്.

''മാമോദീസ മനുഷ്യനിലെ ഉത്ഭവപാപം നീക്കിക്കളയുകയും അവനെ തിരികെ ദൈവത്തിലേക്കു കൊണ്ടുവരികയും ചെയ്യുന്നുവെങ്കിലും ദുർബലമാക്കപ്പെട്ടതും തിന്മയിലേക്കു ചാഞ്ഞിരിക്കുന്നതുമായ മനുഷ്യപ്രകൃതിക്കേറ്റ ക്ഷതത്തിന്റെ അനന്തരഫലങ്ങൾ മനുഷ്യനിൽ നിലനിൽക്കുകയും ആദ്ധ്യാത്മിക സമരത്തിനായ് അവനെ വെല്ലുവിളിക്കുകയും ചെയ്യുന്നു'' (ക.സ.മ 405). തിരുരക്തത്തിന്റെ ശക്തി നമ്മുടെ കഴിഞ്ഞകാല അകൃത്യങ്ങളിൽനിന്നു ശുദ്ധീകരിക്കുമ്പോൾ, അവിടത്തെ പുനരുത്ഥാനത്തിന്റെ ശക്തി 'തന്റെ അഭീഷ്ടമനുസരിച്ചു ഇച്ഛിക്കാനും പ്രവർത്തിക്കാനും നമ്മെ ഉത്തേജിപ്പിക്കുന്നു'(ഫിലി. 2,13).

ഈ തപസുകാലം ദൈവസന്നിധിയിൽ അവിടത്തെ പീഡാസഹനത്തിലൂടെ യഥാർഥ അനുതാപത്തിൽ ആഴപ്പെടുവാനുള്ള അവസരമായിരുന്നു. ഉയിർപ്പു സമാഗതമാകുമ്പോൾ നമ്മുടെ ആഗ്രഹങ്ങളെ ഉത്ഥിതനായ ക്രിസ്തുവിൽ കേന്ദ്രീകരിക്കാം. ക്രിസ്തുവിനെയും അവിടത്തെ ഉത്ഥാനത്തിന്റെ ശക്തിയെയും അറിയുകയെന്നതാണ് ഒരു ക്രൈസ്തവനാവശ്യമായ പരമ പ്രധാനമായ അനുഭവം. പ്രേഷിത ശിഷ്യനാകുവാൻ സമർപ്പണം ചെയ്ത ഒരു ജീസസ് യൂത്തിനാവട്ടെ, ആ അനുഭവം അതിലേറെ അനിവാര്യവുമാണ്.

''എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്ന പോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും'' (യോഹ. 7,38). ഒരു വിശ്വാസിയുടെ ജീവിതം ജീവജലത്തിന്റെ അരുവിയാകണം. ഇന്നത്തെ ജീസസ് യൂത്തിന്റെ വെല്ലുവിളി, വ്യക്തിതലത്തിലും വിശ്വാസികളുടെ കുടുംബമെന്ന നിലയിലും, അനന്തനന്മയായ ദൈവത്തെ തേടുന്ന അനേകരുടെ ദാഹം ശമിപ്പിക്കാൻ സഹായകമായ ജീവജലമായി തീരാനാകുമോയെന്നതാണ്. ഇതു സംഭവിക്കുന്നതിനു വിശ്വാസികളായ നമ്മിലേക്കു പ്രവഹിക്കുന്ന അവിടത്തെ അപരിമേയമായ ശക്തിയുടെ മഹനീയത വ്യക്തമാകുന്നവിധം നമ്മുടെ ആന്തരികനേത്രങ്ങൾ പ്രകാശിപ്പിക്കപ്പെടണം (എഫേ. 1:18,19). വിശുദ്ധ പൗലോസിനെപ്പോലെ നമുക്കും തീവ്രമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം: ''എനിക്കു ക്രിസ്തുവിനെയും അവിടത്തെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അറിയണം'' - നമ്മുടെ വ്യക്തിജീവിതത്തിൽ, കുടുംബത്തിൽ, മിനിസ്ട്രികളിൽ, തൊഴിലിൽ, വിനോദങ്ങളിൽ തുടങ്ങി സകലതിലും. നമ്മുടെ ഭൗമിക പ്രവാസത്തിൽ ഇതാവട്ടെ, നമ്മെ നയിക്കുന്ന പ്രധാന കാര്യം. ക്രിസ്തു ഇതു സാധ്യമാക്കും. കാരണം അവൻ കുരിശിൽ നമുക്കായി ദാഹിച്ചത് മറ്റെന്തിനേക്കാളുമുപരിയായി നാം ക്രിസ്തുവിനായി ദാഹിക്കുന്നതിനു വേണ്ടിയാണ്.

**ബിഷപ്പ് അലക്സ് വടക്കുംതല**
*(കണ്ണൂർ രൂപതാധ്യക്ഷനായ പിതാവ് മുന്നേറ്റത്തിന്റെ ഉത്തമ സുഹൃത്തും ജീസസ് യൂത്തിന്റെ ഭാരതത്തിലെ സഭാത്മക ഉപദേഷ്ടാവുമാണ്)*